പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1600 — 15.02.2016 ലെ മറുപടിയ്ക്ക്

## കർഷകർക്കുള്ള ആനുകൂല്യങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. ടി. എ. റഹീം | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

(എ) കൃഷിവകുപ്പ് മുഖേന കർഷകർക്ക് ലഭ്യമാക്കിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; ഇവ ലഭ്യമാക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ ?

(എ) കൃഷി വകുപ്പ് മുഖേന നെല്ല്, തെങ്ങ്, പച്ചക്കറി, വാഴ, കുരുമുളക് തുടങ്ങിയ (റബ്ബർ ഒഴികെയുള്ള) പ്രമുഖ വിളകളുടെ കൃഷി വ്യാപനത്തിനും ഉല്പാദന വർദ്ധനവിനുമുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിൻ പ്രകാരം ഓരോ വിളയ്ക്കും കൃഷി ചെയ്യുന്ന വിസ്തൃതിയ്ക്ക് ആനുപാതികമായി പദ്ധതി വ്യവസ്ഥകളനുസരിച്ചുള്ള ധനസഹായം ലഭ്യമാക്കുന്നു.

ശാസ്ത്രീയ കൃഷി രീതികൾ അവലംബിക്കുന്നതിനുള്ള ആനുകാലികമായ അറിവ് കർഷകർക്ക് നൽകുന്നതിന്റെ ഭാഗമായി നൂതന കാർഷിക വിജ്ഞാനവ്യാപന പദ്ധതികളായ ആത്മാ, ലീഡ്സ് എന്നിവയിലൂടെ പരിശീലനം, പഠനയാത്രകൾ കൃഷിസ്ഥലപാഠശാലകൾ, പ്രദർശനത്തോട്ടങ്ങൾ, കർഷകരും, ശാസ്ത്രജ്ഞരും, വികസനോദ്യോഗസ്ഥരും തമ്മിലുള്ള ആശയവിനിമയ പരിപാടികൾ, ടെക്നോളജി മീറ്റ് മുതലായവ നടപ്പിലാക്കിവരുന്നു.

ആധുനിക കൃഷി രീതികളായ പോളിഹൗസ് കൃഷി, കൃത്യതാ കൃഷി, റെയിൻ ഷെൽട്ടർ, ഫെർട്ടിഗേഷൻ, സൂക്ഷ്മജലസേചനം തുടങ്ങിയവ നടപ്പാക്കുന്നതിന് പദ്ധതി നിബന്ധനകൾക്ക് വിധേയമായി കർഷകർക്ക് സാമ്പത്തികാനുകൂല്യവും സാങ്കേതിക അറിവും പ്രായോഗിക പിന്തുണയും നൽകുന്നുണ്ട്.

കാർഷികമേഖല നേരിടുന്ന തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനും യന്ത്രവത്കരണം പ്രോത്സാഹിപ്പിക്കുന്നതിനും സമയബന്ധിതമായി കാർഷിക പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനുമായി ആരംഭിച്ച അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മസേനകൾ എന്നിവ മുഖേന കർഷകർക്ക് പരിശീലനം നേടിയ തൊഴിലാളികളുടെ സേവനം യഥാസമയം കൃഷിപ്പണികൾ ചെയ്യുന്നതിന് മിതമായ നിരക്കിൽ ലഭ്യമാക്കി വരുന്നു. കൂടാതെ വിവിധ പദ്ധതികളുടെ ഭാഗമായി കാർഷികോപകരണങ്ങളും കാർഷിക യന്ത്രങ്ങളും പുതുതായി വാങ്ങുന്നതിന് കർഷകർക്ക് ധനസഹായം ലഭ്യമാക്കിവരുന്നു.

ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കിണർ കുഴിക്കുന്നതിനും പമ്പ്സെറ്റ് സ്ഥാപിക്കുന്നതിനും പച്ചക്കറികൃഷി വികസനപദ്ധതിയുടെ ഭാഗമായി ധനസഹായം നൽകിവരുന്നു.

നെൽകൃഷിയ്ക്ക് പൂർണ്ണ സൗജന്യത്തിലും മറ്റ് വിളകൾ കൃഷി ചെയ്യുന്ന കർഷകർക്ക് കുറഞ്ഞ നിരക്കിലും കാർഷികാവശ്യത്തിന് വൈദ്യുതി ലഭ്യമാക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

കേന്ദ്രഗവൺമെന്റ് പദ്ധതിയുടെ ഭാഗമായി ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനും പദ്ധതി നിബന്ധനകൾക്കനുസ്സരിച്ചുള്ള സാമ്പത്തികാനുകൂല്യം നൽകിവരുന്നു. ഗുണമേന്മയുള്ള വിത്തുകൾ/നടീൽ വസ്തുക്കൾ സൗജന്യമായോ മിതമായ നിരക്കിലോ കർഷകർക്ക് കൃഷി വകുപ്പിന്റെ ഫാമിൽ നിന്നോ കൃഷി ഭവനുകൾ മുഖേനയോ ലഭ്യതയനുസരിച്ച് നൽകിവരുന്നു. കൃഷി വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്തെ കഴക്കൂട്ടത്ത് പ്രവർത്തിക്കുന്ന "ബയോടെക്നോളജി ആന്റ് മോഡൽ ഫ്ലോറികൾച്ചർ സെന്റർ" മുഖേന വാഴ, കുരുമുളക്, പുഷ്പവർഗ്ഗ ചെടികൾ എന്നിവയുടെ ടിഷ്യുകൾച്ചർ തൈകൾ മിതമായ നിരക്കിൽ കർഷകർക്കും പൊതുജനങ്ങൾക്കും ലഭ്യമാക്കിവരുന്നു.

വിള ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമായി കേരളത്തിലെ 25 പ്രമുഖ വിളകൾക്ക് ഇൻഷ്വറൻസ് സംരക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. മിതമായ നിരക്കിലുള്ള പ്രീമിയം നൽകി പദ്ധതിയിൽ അംഗമാകുന്ന കർഷകർക്ക് പ്രകൃതിക്ഷോഭം മൂലം (നെൽകൃഷിയ്ക്ക് കീടരോഗ ബാധമൂലവും) വിളനാശം സംഭവിക്കുകയാണെങ്കിൽ പദ്ധതി നിബന്ധനകൾ അനുസരിച്ചുള്ള നഷ്ടപരിഹാരം നൽകിവരുന്നു. കൂടാതെ വിളനാശം സംഭവിക്കുന്നവർക്ക് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നും തുക ലഭ്യമാവുന്നതനുസരിച്ച് നിശ്ചിത നിരക്കിൽ നഷ്ടപരിഹാരം നൽകിവരുന്നു.

ഇപ്രകാരം കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ സംസ്ഥാന-കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഗുണഭോക്താക്കളാകാനുള്ള പൊതു മാനദണ്ഡം ഗുണഭോക്താക്കൾ ചെറുകിട നാമമാത്രക്കാരായിരിക്കണം എന്നതാണ്. അതായത് (രണ്ട് ഹെക്ടറിനുതാഴെ കൃഷി ഭൂമിയുള്ളവർ).

കൂടാതെ 60 വയസ്സ് പിന്നിട്ട കൃഷി മുഖ്യവരുമാനമാർഗ്ഗമായതും വാർഷിക വരുമാനം 50,000/-രൂപയിൽ കവിയാത്തതുമായ ചെറുകിട നാമമാത്ര കർഷകർക്ക് പ്രതിമാസം 600/-രൂപ പെൻഷനായും നൽകിവരുന്നു.

**സെക്ഷൻ ഓഫീസർ**